**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4585** **19-07-2022 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ ഡാമുകളിലെ ചെളി നീക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ഡാമുകളിലെ ചെളി നീക്കുന്നതിനാണ് നിലവിൽ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിലെ മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനാണ് (ഡീസിൽറ്റേഷൻ) നിലവിൽ അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടം വരെയെത്തി എന്ന് വിശദമാക്കുമോ? | (ബി) | മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് മിനറൽ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് (KEMDEL) ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി 10/06/2022 മുതൽ നടപ്പിലാക്കി വരികയാണ്.<br><br>ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷനെയാണ് (KIIDC) ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ